# പ്രസന്നകേരളം



സി. ജെ. തോമസ്


## നാടകവേദി

### ചില നിർദ്ദേശങ്ങൾ

നടീനടന്മാരുടെ കഴിവിലാണു നാടകങ്ങളുടെ പ്രായോഗികവിജയം സ്ഥിതി ചെയ്യുന്നതു്. നടന്മാർക്കു ഭാഗങ്ങൾ നിശ്ചയിക്കുന്നതു ഒരു ദുർഘടം പിടിച്ച പണിയാണു്. പന്ത്രണ്ടുവയസ്സു മാത്രമുള്ള ബാലൻ കൃഷ്ണന്റെ വേഷംകെട്ടി ഒരു അരടൺ രാധയുമായി പ്രേമഗാനം പാടുന്നതു കാണുമ്പോൾ ഈഡിപ്പസ് മനസ്ഥിതിയാണ് ഓർമ്മയിൽ വരുന്നതു്. അച്ഛനമ്മമാരും, ഭാര്യാഭർത്താക്കന്മാർ മുതലായ എല്ലാ ബന്ധങ്ങളിലും വലിപ്പത്തിന്റെ കാര്യം പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. ശരീരപ്രകൃതി, മുഖഭാവം ഇതെല്ലാം വളരെ പ്രധാനമാണ്. മേക്കപ്പ്കൊണ്ടു കുറെ ഒക്കെ വ്യത്യാസങ്ങൾ വരുത്താം. എങ്കിലും മുഴുവനും കഴിയുന്നതല്ല. ശബ്ദവും പാത്രത്തിന്റെ സ്വഭാവത്തിനു യോജിക്കുന്നതായിരിക്കണം. ഇതിനെല്ലാം പൊതുവായിരു[illegible]മുള്ളതു ഒരു വ്യക്തിയുടെ ശാരീരികപ്രകൃതിയും സ്വഭാവവുമായി വലിയ ബന്ധമുണ്ടെന്നുള്ളതാണ്. ഉദാഹരണങ്ങൾ വിസ്തരഭയത്താൽ വിട്ടുകളയുന്നു.

ഇക്കാര്യത്തിൽ പ്രധാനമായി അഭിമുഖീകരിക്കേണ്ടിവരുന്ന പ്രശ്നങ്ങൾ രണ്ടാണ്. ഓരോ നടന്മാർക്കും പ്രത്യേക താല്പര്യമുള്ള ഭാഗങ്ങൾ ഉണ്ടായിരിക്കുമെന്നതാണു ഒന്നു്. കഥാനായകന്റെയോ ദുഷ്ടപാത്രത്തിന്റെയോ ഭാഗം അഭിനയിക്കുവാൻ പലർക്കും ഒരു സമയത്തു മോഹമുണ്ടായെന്നു വരും. അപ്രധാനമെന്നു ഗണിക്കപ്പെടുന്ന ഭാഗങ്ങൾ ലഭിക്കുന്നവർക്കു അതൃപ്തിയുണ്ടാകും. പ്രകടനത്തിന്റെ സംഘടനക്കുള്ള ഉത്തരവാദിത്വമൊ പണമൊ കൂടുതലുള്ളവരുടെ ഈവക ആഗ്രഹങ്ങൾ വകവച്ചുകൊടുക്കാതെ നിവൃത്തിയില്ലെന്നു വരും. ഇക്കാര്യത്തിൽ വ്യക്തികളുടെ കുത്സിതമനസ്ഥിതിക്കു ഒട്ടും ഇടം കൊടുക്കാതിരിക്കുക മാത്രമാണ് പ്രതിവിധി. ചെറിയ ഭാഗങ്ങൾ അപ്രധാനമെന്നു ഗണിക്കുന്നതു തെറ്റാണെന്നു മനസ്സിലാക്കുകയുംവേണം. ഇതു പൊതുവെ വിജയകരമാകുന്നതു നാടകകലയുടെ ഒരു പ്രത്യേകസ്വഭാവം ധരിക്കുമ്പോൾ മാത്രമാണ്. ഭാഗവതക്കും ചിത്രകാരനും സ്വയം സംപൂർണ്ണമായ ഒരു കലയാണ് ഉള്ളതു്. അന്യരെ വളരെ ആശ്രയിക്കാതെ അവർക്കു വിജയം പ്രാപിക്കാം. എന്നാൽ നാടകം ഒരു വ്യക്തിയല്ല ഒരു സംഘം നടത്തുന്ന കലയാണ്. ഒരു പന്തുകളിസംഘത്തിലേതുപോലെയുള്ള പരസ്പരവിശ്വാസവും സഹകരണവും അതിന്റെ വിജയത്തിനാവശ്യമാണ്. ഒരു വ്യക്തിയുടെ പ്രകടനസാമർത്ഥ്യമല്ല, നാടകീയ ഇതിവൃത്തത്തെ പ്രദർശിപ്പിക്കുന്നതിലുള്ള പൊതുകഴിവാണ് നാടകത്തിന്റെ ജീവൻ. ഓരോ ഭാഗവും ഇതിവൃത്തത്തിന്റെ അവിഭാജ്യഘടകമാണ്. ഓരോ നടനും നാടകത്തിനു ആവശ്യവുമാണ്.

രണ്ടാമത്തെതുള്ളതു സ്ത്രീകളുടെ ഭാഗം അഭിനയിക്കുവാൻ ആളു കിട്ടുന്നതാണ്. എല്ലാ രാജ്യത്തിന്റെയും സാംസ്കാരികവളർച്ചയിൽ ഈ ഭാഗങ്ങൾ ആൺകുട്ടികൾ അഭിനയിക്കേണ്ടിവന്നിട്ടുള്ള ഒരു ഘട്ടമുണ്ടായിരുന്നിട്ടുണ്ട്. നാമും ആ ഘട്ടത്തിൽ കൂടി കടന്നുപോന്നിട്ടുണ്ട്. കലാപരമായി ഈ ഏർപ്പാടിനു ഒരു വലിയ കുറവുണ്ട്. എത്ര സമർത്ഥനായ നടനായാലും സാദൃശ്യമുണ്ടാകത്തക്കവിധം സ്ത്രീത്വം ഭാവിക്കാൻ ഒരു പുരുഷനു കഴിയുകയില്ല. സ്ത്രീയുടെ ഭാഗം പുരുഷൻ അഭിനയിക്കുന്നതു വികൃതമല്ലെങ്കിൽ തന്നെ കൃത്രിമമായിരിക്കും. നടികളെ ലഭിക്കാൻ പ്രയാസമാണെന്നു പ്രസിദ്ധമാണ്. പക്ഷെ ഒന്നു പറയാനുള്ളതു നടന്മാരുടെ സ്വന്തം ഭാര്യാസഹോദരിമാരെ രംഗത്തു കൊണ്ടുവരുവാൻ ഒരു പരിശ്രമവും ആത്മാർത്ഥമായി ചെയ്യാതെയാണ് ഈ ആരോപണം നടത്തുന്നതെന്നു്. അങ്ങനെ ചെയ്യുന്നതുകൊണ്ടു്, ഇന്നു നാടകസംഘങ്ങളിൽക്കാണുന്ന അസാന്മാർഗ്ഗികനടപടികൾ ദൂരീകരിക്കുകയും ചെയ്യാം. ഇതും കഴിയാത്തപക്ഷം സാമുദായികനിലയോ, വേണ്ടിവന്നാൽ സാന്മാർഗ്ഗികപ്രസിദ്ധിയോ നോക്കാതെ ലഭിക്കുന്ന സ്ത്രീകളെ സ്വീകരിക്കണമെന്നാണ് എന്റെ അഭിപ്രായം. ഇതു പറയുമ്പോൾ ഭയപ്പെട്ടുവിറയ്ക്കുന്നെങ്കിൽ നാടകകലയോടുള്ള പ്രതിപത്തിയുടെ കുറവാണ് അതു കാണിക്കുന്നതു്. അവനവന്റെയും അന്യരുടെയും സന്മാർഗ്ഗനിലവാരത്തെ ശങ്കിച്ച് ആൺകുട്ടികളെക്കൊണ്ടു അഭിനയിപ്പിക്കുന്നതിൽ ഭേദം നാടകം വേണ്ടെന്നുവയ്ക്കുകയാണ്. നാടകകൃത്തിനെ വേദനിപ്പിക്കാതെ കഴിക്കുകയെങ്കിലും ചെയ്യാമല്ലോ.

#### രംഗവിധാനം

നടന്മാരും നാടകകൃത്തുക്കളും ഒരുപോലെ മറന്നുകളയുന്ന ഒന്നാണിതു്. എത്ര നല്ല കഥയായാലും, എത്ര യോജിച്ച നടനായാലും അഭിനയിക്കുന്ന രംഗം നല്ലതല്ലെങ്കിൽ വലിയ പരാജയമാണ്. കഴിവുണ്ടെങ്കിൽ നാടകത്തിലെ രംഗങ്ങളെ ശരിയായി ചിത്രീകരിക്കുന്ന വനികകൾ ഉണ്ടായിരിക്കേണ്ടതാണ്. “കഥാബീജം” അഭിനയിക്കുമ്പോൾ കോവിലന്റെ ദർബാറും, പവിഴക്കൊടിയുടെ ഉദ്യാനവും പിന്നിൽ കിടന്നു ചാഞ്ചാടിയാൽ അതു ദുസ്സഹമാണ്. രംഗത്തിന്റെ മേൽക്കൂരയിലേക്കു കയറിപ്പോകുന്ന ഒരു പെരുവഴിയിൽ “കിടന്നു”കൊണ്ടാണു നായികയും നായകനും പ്രേമസല്ലാപം നടത്തുന്നതു്. പുതിയ കർട്ടൻ വേണമെന്നു പറഞ്ഞാൽ പഴയതിന്റെ പുതിയ പകർപ്പെന്നായിരിക്കും അതിനർത്ഥം. ഇത്രയും പറഞ്ഞതുകൊണ്ടു രാജമാണിക്കം കമ്പനിയുടെ “കല്യാണപ്പന്തൽ” അതുപടി പകർത്തണമെന്നല്ല ഉദ്ദേശിക്കുന്നതു്. രംഗത്തിനു യോജിച്ച കർട്ടൻ സൃഷ്ടിക്കാൻ നിവൃത്തിയില്ലെങ്കിൽ വെറും നിറമുള്ള തുണികൾ മാത്രം അതിനുപയോഗിച്ചാൽ മതിയാകും. പ്രത്യേകിച്ച്, വേണ്ടസമയത്തു് അവ ഉയർത്താനും താഴ്ത്താനും കഴിയുകയുംവേണം. രംഗവിധാനത്തിൽ വെളിച്ചത്തിന്റെ കാര്യവും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. വളരെ അധികം വിളക്കുകൾ ഉപയോഗിക്കുന്നതുകൊണ്ടു മാത്രം പ്രയോജനമില്ല. ഒന്നാമതായിട്ടുള്ളതു ഒരു വിളക്കും കാണികൾ കാണരുതെന്നുള്ളതാണ്. വിളക്കുകളെല്ലാം റിഫ്ലക്ടർവച്ചു പ്രകാശം നടന്മാരുടെ മുഖത്തു വീഴത്തക്കവണ്ണം തിരിച്ചുവിടേണ്ടതാണ്. പക്ഷെ ഒരു കാരണവശാലും നടന്റെ കണ്ണഞ്ചിപ്പിക്കുന്ന തരത്തിൽ വിളക്കുകൾ വയ്ക്കരുതു്. നിറംവരുത്തുന്നവിളക്കുകൾ ഉപയോഗിക്കാതിരിക്കുകയാണ് നന്ന്. അസ്തമനം, ചന്ദ്രിക മുതലായി ചില പ്രത്യേക അവസരങ്ങൾ കാണിക്കുവാനാണ് അതുപയോഗിക്കേണ്ടതു്. പക്ഷെ അതു വളരെ വിഷമകരമായതുകൊണ്ടുവിട്ടുകളയുകയായിരിക്കും നല്ലതു്.

## ചങ്ങമ്പുഴയുടെ സ്മരണകൾ

ഇടപ്പള്ളി രാഘവൻപിള്ളയെക്കുറിച്ചുള്ള സ്മരണകൾ ഒന്നിടവിട്ടുള്ള ആഴ്ചകളിൽ പ്രസന്നകേരളത്തിൽ പ്രസിദ്ധപ്പെടുത്തുന്നതാണ്: 2-ാം ഭാഗം അടുത്ത ലക്കത്തിൽ.

## പേജ്കുറച്ചു

പ്രസന്നകേരളത്തിനു ഈ ആഴ്ചയിൽ എട്ടു പേജുകളെ ഉള്ളു. പുനലൂർ പേപ്പർമില്ലിലെ പണിമുടക്കു മൂലം കടലാസു കിട്ടുവാനില്ല: അടുത്ത ആഴ്ചത്തേക്കു കുഴപ്പങ്ങൾ പരിഹരിക്കപ്പെടുമെന്നു വിശ്വസിക്കുന്നു.

14—8—43 മാനേജർ


1. നാടകവേദി —സി.ജെ. തോമസ്
2. 13-ാംപേജ് —ബാലൻ.
3. ഫിഡിൽ—ചെറുകഥ. —പി.എ. എ. ഖാദർ
4. കാശ്മീരിലെ വീരസിംഹം. —കെ.പി.ഏ.
5. ഐവാൻ നിക്കൂലിൻ (നോവൽപംക്തി)
6. തൊഴിലാളിലോകം.


## വിഷയവിവരം


പ്രസന്നകേരളം
ദേശീയവാരിക.
പുസ്തകം 18 ലക്കം 16
8 പേജ്. 2 ണ.
18-8-46.

വേഷത്തിന്റെ കാര്യമാണ ഓർത്തത്. മണിക്കോട്ടും കിരീടവും കോലാഹലങ്ങളോടുകൂടി പോയി. അതിലും ഭയങ്കരമായ ഒന്നു വന്നുകയറിയിരിക്കുന്നു. പൈജാമ. റിക്ഷാക്കാരൻ വേലു രംഗത്തു വരുന്നതു പൈജാമായും ലോംഗ്കോട്ടും അല്ലെങ്കിൽ ഡബിൾ ബ്രെസ്റ്റ്കോട്ടും ധരിച്ചു ഒരു ടെന്നീസ്ബോറും ചുമന്നുകൊണ്ടാണ്. വരുന്നതു രാഗം പാടാനാണെന്നതോ പോകട്ടെ, അതിനുപോലും ഈ വേഷം പററിയില്ലെന്നതാണ് കഷ്ടം. വേഷങ്ങളുടെ നിറവും രൂപവും യാഥാർത്ഥ്യത്തോടു ഏററവും അടുത്തതായിരിക്കണം. വേഷം മാറുന്നതിനും ഒരു കണക്കുണ്ട്. കഥയിൽ സ്ഥലവ്യത്യാസവും കാലഭേദവുമനുസരിച്ച് വേഷംമാററം സംഭവിക്കുന്നുണ്ടെങ്കിൽ മാത്രം വേഷം മാറിയാൽ മതി. അപ്പോൾ അതു ചെയ്യണമെന്നതു നിർബന്ധമാണ് താനും. സ്ത്രീകളുടെ വേഷത്തിൽ ശ്രദ്ധിക്കാനുള്ളതു നിറത്തിന്റെ കാര്യമാണ്. കടുംചുവപ്പ്, ഓറഞ്ച് മുതലായ നിറങ്ങൾ മുഖത്തെ വിഴുങ്ങിക്കളയും. വയിലററ് ഒരിക്കലും നാടകവേദിക്കു പററിയ നിറമല്ല. കറുപ്പ് നിറവും കുറയ്ക്കുകയാണ് നന്ന്.

വേഷത്തോടു അടുത്തുനിൽക്കുന്ന ഒന്നാണ് ചമയൽ അഥവാ മേക്കപ്പ്. മുഖത്തു അരയിഞ്ച് ഘനത്തിൽ മനയോല തേച്ചു അതിനു മുകളിൽ രക്തവും ചൂശി കൊലപാതകത്തിനു തയാറായ പാവയെപ്പോലെ സ്റ്റേജിൽ പ്രത്യക്ഷപ്പെടുന്ന രൂപങ്ങൾ കലയ്ക്ക് ഒരു ഭൂഷണമല്ലെങ്കിലും നമ്മുടെ കാണികളുടെ ധൈര്യത്തിനു ഒരു സാക്ഷിപത്രമാണ്. നമ്മുടെ നാട്ടുകാരുടെ ഇരുണ്ടനിറവും തീയററുകളുടെ ആകൃതിയും മേക്കപ്പ് ആവശ്യമാക്കിത്തീർക്കുന്നു. പക്ഷേ അതു നന്നായി ചെയ്യാത്തതു വലിയ കുറവാണ്. ഒന്നു രണ്ടു കാര്യങ്ങൾ ചെയ്താൽ ഈ കുറവു പരിഹരിക്കാം. ഗ്രേപ്പസ്റ്റ് ആയാലും സ്റ്റിക്ക്പെയിൻറ് ആയാലും കഴിയുന്നതു കുറച്ചു മാത്രം ഉപയോഗിക്കുക. ചുവപ്പിന്റെ കഥയും അതുതന്നെ. കവിളിൽ ചുവപ്പ് ഇടുന്നതു ഇപ്പോഴത്തേതിൽനിന്നു അല്പംകൂടി മുകളിലേക്കാക്കുന്നതാണ് നല്ലത്. അതും വളരെ കുറച്ചു മാത്രമേ ഇടാവൂ. ലിപ്സ്റ്റിക്ക ഇടുന്നതു താഴത്തെ ചുണ്ടിൽ മാത്രം മതി. അതിൽനിന്നു പകർന്നു കിട്ടുന്ന ചുവപ്പ് മാത്രമേ മുകളിലത്തെ ചുണ്ടിനു ആവശ്യമുള്ളൂ. നല്ല പരിചയമുള്ളവരാണെങ്കിൽ ലിപ്സ്റ്റിക്കുകൊണ്ടു ചുണ്ടിന്റെ കട്ടി കുറയ്ക്കുകയോ കൂട്ടുകയോ ചെയ്യാം. താടിമീശവയ്ക്കുന്നതിലും ശ്രദ്ധിക്കണം. ക്ഷൗരം ചെയ്തു നിറുത്തിയതുപോലുള്ള താടിമീശ കൃത്രിമമാണെന്നു പ്രഥമദർശനത്തിൽതന്നെ തോന്നിയേക്കാം.

ഡയറക്ഷൻ

വിവിധഘടകങ്ങളും പ്രദർശനത്തിന്റെ പൊതു ഉദ്ദേശത്തിന്റെ നിർവഹണത്തിനു അത്യന്താപേക്ഷിതമായ രീതിയിൽ ഇണക്കുന്നതാണ് ഏതു നാടകത്തിന്റെയും വിജയം. ഇതുസാധിക്കണമെങ്കിൽ വിഷയംമുഴുവനും ഒന്നായി കണ്ട് വിവിധഘടകങ്ങൾതമ്മിലും അവയുടെ ഉദ്ദേശവുംതമ്മിലും ഉള്ള ബന്ധം മനസ്സിലാക്കുന്ന ഒരാൾ നിർദ്ദേശം കൊടുക്കുന്നതുകൊണ്ടുമാത്രമേ കഴിയൂ. മററുള്ളവരുടെ നിർദ്ദേശങ്ങൾ സ്വാഗതാർഹമാണ്. പക്ഷെ അതു പലരുടെ ഡയറക്ഷനായിത്തീരരുത്. ഒരു വികാരം പലതരത്തിൽ പ്രകടിപ്പിക്കാമെന്നുള്ള കാര്യം ഡയറക്ടർ അറിഞ്ഞിരുന്നാൽ നടന്മാരുമായി അനാവശ്യമായ വൈരുദ്ധ്യങ്ങൾ ഒഴിവാക്കാം. ഏതു നടനു പൂർണ്ണ സ്വാതന്ത്ര്യത്തോടുകൂടി വിട്ടുകൊടുക്കുകയായിരിക്കും നല്ലതു്.

സംഘടന

നാടകം ഒരു സംഘത്തിനുമാത്രം വിജയിക്കാവുന്ന ഒരു കലയാണെന്നു പറഞ്ഞുകഴിഞ്ഞു. വ്യക്തിപ്രഭാവവും മാൽസര്യവും നിമിത്തം ഒട്ടുവളരെ അഭിനയങ്ങൾ പരാജയപ്പെടുന്നുണ്ട്. പരസ്പരസഹകരണം ആണ് ഒരു നാടകസംഘടനയുടെ ജീവൻ. മുൻകൂട്ടിത്തന്നെ ചെയ്യേണ്ടജോലികൾ പലർക്കായി ഭാഗിച്ചുകൊടുക്കുന്നതു ഇതിനു സഹായകരമായിരിക്കും. രംഗത്തു ഉണ്ടായിരിക്കേണ്ട സാധനങ്ങൾ കാലേകൂട്ടി കരുതുന്നതും മററും കലാപരമായ കാര്യങ്ങളല്ല എങ്കിലും അവയുടെ പ്രാധാന്യം പരാജയസമയത്തു മാത്രമേ മനസ്സിലാകൂ. അച്ചടക്കത്തിന്റെ പ്രയോജനം കാണാൻകഴിയുന്നതു് രാഷ്ട്രീയസംഘടനകളുടെ പ്രചോദനംകൊണ്ടുണ്ടായിട്ടുള്ള ചില കലാസമിതിയുടെ അത്ഭുതപൂർവമായവിജയമാണ്.

# 13-ാംപേജ്

## ബാലൻ

ഒരൊററവ്യവസായിയെ കേന്ദ്ര അസംബ്ലിയിലേക്കോ കോൺസ്ററാംബ്ലിയിലേക്കോ കോൺഗ്രസ് നോമിനേററു ചെയ്തിട്ടില്ല. പണ്ഡിററ് പന്തു് അസംബ്ലിയിൽ ചെയ്ത പ്രസ്താവനയാണിതു്. കോൺഗ്രസ് നേതാവ് പറഞ്ഞതല്ലേ വിശ്വസിക്കാനല്ലാതെ എന്തൊരു നിവൃത്തി? തെളിവു വേണമെങ്കിൽ കോൺസ്റ്റാംബ്ലിയിലെ ചില കോൺഗ്രസ് പ്രതിനിധികളുടെ ഒരു ലിസ്റ്റ് ബാലൻ തരാം.

1, എം ആർ ജയക്കർ (ബ്രിട്ടനും ഇന്ത്യയുമായിട്ടുള്ള സമരങ്ങളിൽ എപ്പോഴും മാദ്ധ്യസ്ഥം വഹിക്കുന്ന ഈ ജീവി മേൽപ്പറഞ്ഞ രണ്ടു വർഗ്ഗത്തിലും പെടാൻ നിവൃത്തിയില്ലല്ലോ)

2, സർ അല്ലാടി (സർ തന്നെ കൂടുതലെന്തിനു്)

3, സർ ഗോപാലസ്വാമി അയ്യങ്കാർ (സർ പോരെങ്കിൽ കാഷ്മീർ ദിവാനുമായിരുന്നിട്ടുണ്ട്)

4, കെ എം മുൻഷി (കോൺഗ്രസിൽനിന്നു രാജിവച്ചു പിരിഞ്ഞതുകൊണ്ടു് ബാലന്റെ ഭ്രമമായിരിക്കുമോ?)

5, ബോബിലി രാജാ (1936 ലെ തിരഞ്ഞെടുപ്പിൽ കോൺഗ്രസ് സ്ഥാനാർത്ഥിയായ വി വി ഗിരിയുടെ എതിർസ്ഥാനാർത്ഥിയായ ജെമിൻദാർ)

6, കുമാരരാജാ സർ എം എ മുത്തയ്യാചെട്ടിയാർ (കോൺഗ്രസിന്റെയാണോ സൗത്തിൻഡ്യാ കോർപ്പറേഷന്റെയാണോ എന്നൊരു സംശയം.)

7, സർ സി പി സിംഗ് (ജനകീയമുഖക്കാരെ മാത്രമേ എതൃക്കേണ്ടതുള്ളു. നാഷണൽവാർ ഫ്രണ്ട്കാർക്കു പ്രവേശനമുണ്ട്)

8, റായി ബഹദൂർ ശ്യാമാനന്ദസാഹേ (വ്യാപാരിമണ്ഡലത്തിനും പ്രതിനിധിവേണ്ടെ)

9, സർ റെഘ്ചന്ദ് (പഞ്ചാബ്കാർക്കറിയാം)

10 ബർഡ്വാനിലെ മഹാരാജാധിരാജൻ (പാവത്തിനു് വെറും 5,000,000 ഉറുപ്പികയേ ആണ്ടിനാൽ വരുമാനമുള്ളു.)

11 രാജാപ്രസന്നദാസ് (രാജാസ്ഥാനം പോരെങ്കിൽ നല്ല ഒരു ജെമിൻദാരിയുമുണ്ട്)

12 സി പി ഖെയിത്താൻ (ബർലാ കമ്പനിയിൽ ഒരു ചെറിയ പങ്ക്)

13, ശ്യാമപ്രസാദ് മുക്കർജി (ഹിന്ദുമഹാസഭാ പ്രസിഡണ്ട്)

ലിസ്റ്റ് ഇനിയും നീട്ടേണ്ടതില്ല, പതിമൂന്നിനു് ഒരു പ്രാധാന്യമുണ്ടല്ലോ. പണ്ഡിററ് പന്തു് പറയുന്നതു് ശുദ്ധവരുടെ ഭാഷയിലാണെങ്കിൽ "സത്യമല്ലാത്തതു" ആകുന്നു.

X X X X

കൊച്ചിയിലെ മന്ത്രിമാർ, അവിശ്വാസ പ്രമേയത്തിന്റെ മുമ്പിൽ മുട്ടുകുത്തി. രണ്ടുമാസംകൊണ്ടു തൊഴിലാളികൾക്കു വളരെയധികം ഗുണംചെയ്ത നേതാവിന്റെ കഥയങ്ങനെ സാധിച്ചിരിക്കയും. മോട്ടിലാലിന്റെയും ശ്രീനിവാസ ശാസ്ത്രിയുടെയും ശിഷ്യനായ ഈ വീരൻ, വിക്ടോറിയാ മഹാരാജ്ഞി മരിക്കുന്ന ഇക്കാലത്തും കോൺഗ്രസ്കാരൻ തന്നെയാണ്. തിരുവിതാംകൂർകാർക്കു പോലീസു ഇൻസ്പെക്ടറായി പരിചയമുള്ളതു് ഇദ്ദേഹമാണോ എന്തോ.

ഏതായാലും ഈ സത്യാഗ്രഹിക്കു ബാലന്റെ ഹൃദയംഗമമായ അനുശോചനം

X X X

മന്ത്രിയുടെ കോൺഗ്രസ്തത്വത്തെയും തോൽപ്പിക്കുന്ന ചില കോൺഗ്രസ്സുകാർ ആ സഭയിലുണ്ടെന്നതാണ് ഏററവും സന്തോഷകരമായ വാർത്ത. അവിശ്വാസപ്രമേയത്തിനു പ്രജാമണ്ഡലം പ്രതിനിധികൾ മാത്രമല്ല മററുള്ളവരും വോട്ടു ചെയ്തു. മരോസ് കോൺഗ്രസ് കോൺസ്റ്റാംബ്ലിയിലേക്കു തെരഞ്ഞെടുത്ത ഒരു സക്കാരുദ്യോഗസ്ഥ മാത്രം വോട്ടു ചെയ്തില്ല.

അവർ ഗാന്ധിജിയുടെ എഴുത്തു കിട്ടാൻ നോക്കിയിരിക്കുകയാണ്. ക്ഷമിക്കുക.

* *

അരയനികുതി വളരെ കൂടുതലാണെന്നു തിരുവിതാംകൂറിൽ ഒരു പരാതി. പത്രങ്ങളിൽ മുഴുപേജുകളിൽ സ്ഥിതിവിവരക്കണക്കുകൾ ബാലനിതുവരെ വായിച്ചാൽ മനസ്സിലാവുകയില്ല. അതുകൊണ്ടു വായിച്ചുമില്ല. പക്ഷെ മറെറാരു കാര്യത്തെപ്പററിയുള്ള സ്ഥിതിവിവരക്കണക്കു കിട്ടിയാൽ വായിച്ചുകളയാം. കുട്ടനാട്ടിൽ കൃഷിചെയ്യപ്പെടുന്ന സ്ഥലമെത്ര? മൊത്തം നെൽവിളവെത്ര ഉടമസ്ഥന്മാരുടെ എണ്ണമെത്ര. കൂലിക്കാരെത്ര കൂലിച്ചെലവ് എത്ര? ദൈവത്തെയോർത്തു ഇതുംകൂടി ഒന്നു കണ്ടുപിടിച്ചു പ്രസിദ്ധീകരിക്കുമൊ?

* *

ലോകത്തിലുള്ള ജനങ്ങൾക്കു എല്ലാവർക്കും 2600 കലോറി

(ശേഷം 7 -ാംപേജിൽ)

HOTEL PARKLANDS

NEAR ZILLA COURT, KOTTAYAM.

( THE ESQUIRE'S REST HOUSE )

Managed by the Hotel de Park Peoples

Reg No
T. 66

# PRASANNAKERALAM

License No. 390
Dated 15-6-1939

ള്ള. (യുദ്ധകാലത്തേക്കായിരിക്കും സ്വാതന്ത്ര്യം സമ്പൂർണ്ണത) ആല്യകൊട്ടത്തുതന്നെ എല്ലാവരും വാങ്ങി തന്നത്താൻ നൂററുല്ല്. പുല്ല് കണ്ണുടല്ലു, പാല്യ കടിക്കുന്നതുപോലെ

ഒരു ഗുണമുണ്ട് അതു സമ്മതിച്ചേ തീരൂ. ഇന്ത്യയിൽ ഒരൊററ വ്യവസായം മാത്രമെപ്പണ്ടി മുടക്കിൽനിന്നു ഒഴിഞ്ഞുനിൽക്കുന്നതുള്ള. അതാണ് ഖദർ. കൂലി കുറവല്ലാതിരുന്നിട്ടല്ല കൂലിക്കാർക്ക് ഒരുതരത്തിലും യോജിക്കാൻ കഴിയാത്ത വ്യാവസായിക സംഘടനയായതുകൊണ്ടുതന്നെ. അതേ അതാണ് ഖദറിന്റേയും, അതിന്റെ ബന്ധുക്കളുടേയും ഗുണം. തൊഴിലാളിയുണ്ടായിരിക്കും, പക്ഷേ തൊഴിലാളി സംഘടനയുണ്ടാവുകയില്ല പണിമുടക്കമില്ല. ഒരിക്കലും തൊഴിലാളിക്ക് രാഷ്ട്രീയാധികാരം ലഭിക്കയുമില്ല (ആദ്ധ്യാത്മികപ്രാഭവംടൺകണക്കിനു കിട്ടും) അതെല്ലാം ട്രസ്റ്റിതന്നെ നടത്തിക്കൊള്ളും.

X X X X

കാളിദാസ കലയുടേയും അതിനെ

അധഃപതിപ്പിച്ച കലയുടേയും

## മാനദണ്ഡം

(മേഘസന്ദേശത്തിൽ നിന്ന് മയൂരസന്ദേശത്തോളം)

—മരപ്പാവകൾ പോയി മഹാമനുഷ്യരായി; മഹാമനുഷ്യരുടെ സ്ഥാനം സാധാരണ മനുഷ്യർ കയ്യേറി; ഇനി സാധാരണ മനുഷ്യർ ചോദ്യം ചെയ്തു തുടങ്ങും—നമ്മുടെ സാഹിത്യത്തിലെ ഈ പരിണാമം അളന്നു കാട്ടുന്നതാണ്

### ശ്രീ മുണ്ടശ്ശേരിയുടെ

ഈ പുതിയ പുസ്തകം. വില 1ക. 4ണ.

മംഗളോദയം ലിമിററഡ്

തൃശ്ശിവപേരൂർ.

## കാൽസാഫെറോ

(രജിസ്റ്റേർഡ്)

കൈകാലുകൾ മെലിഞ്ഞും, നെഞ്ചുന്തിയും, വയർ ചാടിയും, കവിൾവീണും, വിളറിയും തീരെ ആരോഗ്യം നശിച്ച കുട്ടികൾക്ക് ഏററവും ഉത്തമമായ ടോണിക്ക്. കുഞ്ഞുങ്ങൾക്ക് ദഹനസംബന്ധമായുണ്ടാകുന്ന സകല തകരാറുകളും നിശ്ശേഷം മാററുന്ന

അസ്ഥിവളർച്ചയ്ക്കും ശരീരപുഷ്ടിക്കും ഉത്തമം

ഫെറസിലിക്കിയുള്ള പല അപൂർവ ഔഷധങ്ങളുടെ രസവും, കാൽസിയം, ഇരുമ്പ്, മഗ്നേഷ്യം മുതലായ ധാതുദ്രവ്യങ്ങളും തേനും മാൾട്ടും ചേർത്തു ശാസ്ത്രീയമായി തയാർ ചെയ്തിട്ടുള്ളതു്

എല്ലാ മരുന്നുഷാപ്പുകളിലും കിട്ടും

## പട്ടാളത്തിൽനിന്നു പിരിഞ്ഞുവരുന്നവരുടെ അവശതകൾ

ക്‌എസ്—ജമേദാർ വി അച്യുതൻനായർ ഐ എസ്സ്.സി.

ജോലിയില്ലായ്മ എന്ന പ്രശ്നം ഇൻഡ്യ ഒട്ടാകെ ബാധിച്ചിട്ടുള്ള ഒരു പൈശാചിക പ്രശ്നമാണു്. തിരുവിതാംകൂറിൽ മോട്ടർ കണ്ടക്ടറന്മാർക്കു പോലും കുറഞ്ഞതു് ഈ എസ് എൽ സി സർട്ടിഫിക്കേററ് എങ്കിലും ലഭിച്ചവർ മാത്രമേ യോഗ്യരാകുകയുള്ളു എന്ന സ്ഥിതിക്ക് ഇവിടത്തെ തൊഴിലില്ലായ്മ എത്രത്തോളം ഉഗ്രനിലയെ പ്രാപിച്ചിട്ടുണ്ടു് എന്നതിനെപ്പററി എടുത്തു കാണിക്കാതെ എല്ലാപേർക്കും തന്നെ ബോദ്ധ്യമായ ഒന്നാണു്.

ആ പ്രശ്നത്തെ ബലപ്പെടുത്തുവാൻ—പരിപോഷിപ്പിക്കുവാൻ—യുദ്ധസേവനം കഴിഞ്ഞു മടങ്ങിവരുന്ന ചെറുപ്പക്കാർ സഹായിക്കുന്നുമുണ്ടു്. അവരുടെ സംഖ്യ ദിനംപ്രതി വർദ്ധിച്ചുകൊണ്ടുതന്നെ വരുന്നുമുണ്ടു്.

X X X X

കൊച്ചിസർക്കാരിന്റെ കാർഷികനയത്തെപ്പററി വിമർശിച്ചുകൊണ്ടു ശ്രീ കൃഷ്ണനെഴുത്തച്ഛൻ പ്രസംഗിച്ചതിനിടയിൽ കൃഷി വളരെ നല്ല നിലയിൽ നടത്തുന്ന ചില രാജ്യങ്ങളുടെ പേരു പറഞ്ഞു. അമേരിക്കാ. ഇററലി. ഈജിപ്ത്, ജപ്പാൻ. സ്പെയിൻ. ഏതെങ്കിലും പ്രധാന രാജ്യം വിട്ടുപോയിട്ടുണ്ടോ? ഉണ്ടെങ്കിൽ അതു മനഃപൂർവമാണോ ഒരിക്കലുമല്ലെന്നാണു് ബാലന്റെ അഭിപ്രായം. ഈജിപ്ത് വിട്ടുകളഞ്ഞിട്ടു ജർമ്മനിയാക്കിയിരുന്നെങ്കിൽ തറവാട്ടു മുഴുവനുമാകുമായിരുന്നുവെന്നുമാത്രം.

ജന്മിത്വത്തിന്റെ അപ്പക്കഷണം രുചിച്ചു, പഠിച്ചവർ ത്രിവർണ്ണപതാകയേന്തിയാലെന്തു്, ഗംഗാസ്നാനം ചെയ്താലെന്തു്.

X X X X

ഇന്ത്യയ്ക്കും ചൈനായ്ക്കും ഇടയ്ക്കു കിടക്കുന്ന നാഗരാജ്യം ഇന്ത്യയോടു ചേരണമെന്ന് പണ്ഡിററ്ജി നിർദ്ദേശിക്കുന്നു.

ഫിൻലൻഡിന്റേയും, അസർബൈജാന്റേയും കാര്യം പറഞ്ഞതു് മറന്നുപോയോ.

X X X X

നാടും, വീടും, ബന്ധുമിത്രാദികളും സ്വകളത്രത്തേപ്പോലും ത്യജിച്ചു ഊണും ഉറക്കവും ഉപേക്ഷിച്ചു് ജീവനേപ്പോലും ഫാസിസത്തിനു വിരുദ്ധമായി ബലികഴിക്കാൻ തയാറായ ആ വീരയോദ്ധാക്കൾ ഇന്നു അടിയന്തിരവീടുകളിലെ, എച്ചിൽ എല പെറുക്കുവാൻ വന്നു കൂട്ടം കൂടുന്ന ശ്വാക്കളേപ്പോലെ "സബ്‌റീജിയണൽ ആഫീസിൽ" വന്നുചേരുന്നുണ്ടു്. ഫലം നിഷ്ഫലം.

"തിരുവിതാംകൂർ രാജ്യം വളരെ അധികം വീരയോദ്ധാക്കളെ യുദ്ധസേവനത്തിനു അയച്ചിട്ടുണ്ടു്" എന്നു അഭിമാനസമേതം അധികൃതസ്ഥാനങ്ങളിൽനിന്നും റേഡിയോ പ്രക്ഷേപണങ്ങൾ മുതലായവ ഒരുകാലത്തു നടത്തിയിരുന്നു.

വീരയോദ്ധാക്കളേ! നിങ്ങളോടൊന്നെനിക്കു പറയുവാനുണ്ടു്. ഇന്നത്തെ സബ്‌റീജിയണൽ ആഫീസുകൊണ്ടു നിങ്ങൾക്കാർക്കും തന്നെ ഒരു ഫലവുമില്ല. നിങ്ങൾ എല്ലാവരും ഒത്തുചേരണം. 'United we Stand' എന്നതാണു നമ്മുടെ മുദ്രാവാക്യം. സംഘടിക്കുവിൻ,

നിങ്ങളുടെ അവശതകൾക്ക് പരിഹാരം ഉണ്ടാകുന്നതുവരെ ഏതിനും സന്നദ്ധരാകുക. പട്ടിണികിടന്നും "ആൾ ട്രാവൻകൂർ എക്സ് സർവീസ്മെൻ അസോസിയേഷനു" വേണ്ടി ജോലിചെയ്യുക

തൊഴിലില്ലായ്മയെ പരിഹരിക്കാൻ ഒരുമ്പെടാത്ത ഗവർമ്മെന്റു നിങ്ങളെ എന്തുചെയ്യട്ടെ!!!

## 175 രൂപാ സമ്മാനം രൂപാ 175

## അസോസിയാ അക്കപ്രശ്നം നമ്പർ 7

പ്രവേശനഫീസ് 8 ണ. കൂടതൽ ഓരോ ഉത്തരത്തിനും 4 ണ വീതവും. ഒരാൾക്കു എത്ര ഉത്തരം വേണമെങ്കിലും അയയ്ക്കാം. ഉത്തരങ്ങൾ 122 ചിങ്ങം 20-ാംനു-വരെ സ്വീകരിക്കും. ടി മാസം 25-ാംനു- ഫലം പത്രങ്ങളിൽ പ്രസിദ്ധപ്പെടുത്തും

| | | |
|---|---|---|
| | | |
| | 10 | |
| | | |

1 മുതൽ 20 വരെയുള്ള അക്കങ്ങളിൽനിന്നും ഇഷ്ടമുള്ള അക്കങ്ങൾ [ഒരു സംഖ്യ ഒരുത്തരത്തിൽ ഒരുപ്രവശ്യംമാത്രം) ഉപയോഗിച്ച ഏതുവശത്തേക്കു കൂട്ടിനോക്കിയാലും കോണാക കൂട്ടിനോക്കിയാലും തുക 30 കിട്ടത്തക്ക വിധം പൂരിപ്പിച്ചയയ്ക്കുക. പാലാസെൻട്രൽ ബാങ്കിൽ സീൽവച്ചു സൂക്ഷിച്ചിരിക്കുന്ന ഉത്തരത്തിനൊപ്പം പൂരിപ്പിക്കുന്ന ആൾക്കു ഒന്നാം സമ്മാനമായി 100 രൂപയും; ഏററവും കൂടുതൽ ഉത്തരങ്ങൾ അയയ്ക്കുന്ന ആൾക്കു 50 രൂപയും അയച്ചുകിട്ടുന്ന ശരിയായ ഉത്തരത്തിനു 25 രൂ.. വിശേഷാല്യം സമ്മാനിക്കുന്നതാണ്. പ്രവേശനഫീസു മണിയോർഡർചെയ്തു M O രസീതു ഉത്തരത്തോടുചേർത്തയയ്ക്കണം. ശരിയായ ഉത്തരം ഒന്നിൽകൂടുതലാകുന്നപക്ഷം സമ്മാനം സമമായി വീതിക്കും. ശരിയായ ഉത്തരം കിട്ടാത്തപക്ഷം ശരിയായ ഉത്തരത്തോടേററവും യോജിപ്പുള്ള ഉത്തരത്തിനു ഒന്നാംസമ്മാനം നൾകും.

ഉത്തരങ്ങളും മണിയാർഡറുകളും അയയ്ക്കേണ്ട വിലാസം

എ. അബ്ദുൽ അസ്സീസ്

പ്രസിഡണ്ടു്, ഐക്യസംഘം, കൊല്ലം

Printed at the Powra-Dhwany Press, Kottayam & Published by Anjiliparampil Kumaran at Kottayam.